## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1050 11/7/2011-ൽ മറുപടിക്ക്**

## പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയും പ്രസ്തുത മെഡിക്കൽ കോളേജിൽ എന്ന് കുട്ടികൾക്ക് അഡ്മിഷൻ നൽകുവാൻ കഴിയുമെന്നത് സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത പ്രവർത്തനങ്ങളിൽ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (എ) & (ബി) കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ. കോർപ്പറേഷനാണ് പാരിപ്പള്ളിയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത്. റെസിഡൻഷ്യൽ ബിൽഡിംഗിന്റെ പണി പൂർത്തിയായതായും മെഡിക്കൽ കോളേജ് ബ്ലോക്ക്, ഡൈഗ്നോസ്റ്റിക് സെന്റർ, ഐ.പി.ബ്ലോക്ക് എന്നിവയുടെ പണി പുരോഗമിച്ചു വരുന്നതായും കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. പണി പൂർത്തിയായാൽ മാത്രമേ വിദ്യാർത്ഥികളുടെ അഡ്മിഷൻ ആരംഭിക്കാൻ കഴിയൂ എന്നും കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ